
2023
OCTOBER
04
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ചന്ദ്രയാൻ 3 ; വിക്രമിനെയും പ്രഗ്യാനെയും ഉണർത്താൻ ശ്രമം തുടരും

**തിരുവനന്തപുരം:** ചന്ദ്രയാൻ 3 ദൗത്യത്തിനു ശേഷമുള്ള രണ്ടാം രാത്രി ചന്ദ്രനിൽ തുടങ്ങി. ഭൂമിയിലെ 10 ദിവസത്തോളം നീണ്ട ആദ്യ പകൽ മുഴുവൻ ഗവേഷണവിവരങ്ങൾ ശേഖരിച്ച ശേഷം വിക്രം ലാൻഡറും പ്രഗ്യാൻ റോവറും ഉറക്കം തുടങ്ങിയിട്ട് ഒരു മാസം പിന്നിട്ടു. ഇനി ഉണരാനുള്ള സാധ്യത കുറവാണെങ്കിലും രണ്ടാഴ്ചയ്ക്കു ശേഷം വീണ്ടും ചന്ദ്രനിൽ സൂര്യോദയമാകുമ്പോൾ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ഐഎസ്ആർഒ) വിക്രമിനെയും പ്രഗ്യാനെയും ഉണർത്താൻ ശ്രമം തുടരും.

ചന്ദ്രയാൻ 3 ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ കഴിഞ്ഞ മാസം 4നു മുൻപു പ്രഗ്യാനും വിക്രമും സാക്ഷാത്കരിച്ചിരുന്നു. ചന്ദ്രനിലെ ഒരു രാത്രി (ഭൂമിയിലെ 14 ദിവസങ്ങൾക്കു തുല്യം) കഴിഞ്ഞ് പ്രഗ്യാനും വിക്രമും ഉണർന്നിരുന്നെങ്കിൽ അത് ചന്ദ്രയാൻ ദൗത്യത്തിനു ബോണസ് ആകുമായിരുന്നു. ഉണരാനുള്ള സാധ്യത കുറവാണെന്ന് ഐഎസ്ആർഒ വ്യക്തമാക്കിയിരുന്നു.

ഇനിയുള്ള ചാന്ദ്ര ദൗത്യങ്ങളിൽ ലക്ഷ്യമിടുന്നത് ചന്ദ്രനിലെ കൊടും തണുപ്പിനെ അതിജീവിക്കുന്ന ശാസ്ത്രീയ പഠനോപകരണങ്ങളും ചന്ദ്രനിലെ സാംപിളുകൾ ശേഖരിച്ചു മടങ്ങിയെത്താവുന്ന സ്പേസ്ക്രാഫ്റ്റുമാണ്.

## ഇന്ത്യ-കാനഡ തർക്കം: 'പ്രശ്നക്കാരുടെ' ഒസിഐ കാർഡ് സർക്കാർ റദ്ദാക്കിയേക്കും

**ന്യൂഡൽഹി:** കാനഡയുമായുള്ള നയതന്ത്ര തർക്കങ്ങൾക്കിടെ, കൂടുതൽ ശക്തമായ നടപടികൾ ആലോചിക്കുന്നതായി സർക്കാർ വ!ൃത്തങ്ങൾ. 'പ്രശ്നക്കാരുടെ' ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (ഒസിഐ) കാർഡ് റദ്ദാക്കിയേക്കുമെന്ന് സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ച് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. 'ഓരോ കേസിന്റെ' അടിസ്ഥാനത്തിൽ 'ചില വ്യക്തികൾക്കെതിരെ' സർക്കാർ ഈ നടപടി ആരംഭിച്ചേക്കുമെന്നും ബന്ധപ്പെട്ട വൃത്തങ്ങൾ വ്യക്തമാക്കി.

ഖലിസ്ഥാൻ പതാക പിടിക്കുന്നതും ഇന്ത്യയിലെ കാർഷിക ഭൂസ്വത്തുക്കളിൽനിന്ന് സമ്പാദിക്കുന്നതും ഒരുമിച്ചു കൊണ്ടുപോകാനാകില്ലെന്നാണു കേന്ദ്രത്തിന്റെ ഉറച്ച നിലപാടെന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറഞ്ഞു. വിദേശത്തെ ഇന്ത്യൻ നയതന്ത്ര ഓഫിസുകൾക്കു നേരെ നടന്ന പ്രതിഷേധങ്ങളുടെ വെളിച്ചത്തിലായിരിക്കും നടപടിയെന്നും അവർ വ്യക്തമാക്കി. അടുത്തിടെ പഠന വീസയിൽ വിദേശത്ത് പോയശേഷം ചില വിദ്യാർഥികൾ, ഇന്ത്യൻ നയതന്ത്ര ഓഫിസുകൾക്കു മുന്നിൽ പ്രതിഷേധിച്ചതിൽ സർക്കാർ നിരാശരാണെന്ന് മുതിർന്ന ഉദ്യോഗസ്ഥർ പറഞ്ഞു.

## ന്യൂസ് ക്ലിക്കിന്റെ ഡൽഹി ഓഫിസ് സീൽ ചെയ്തു

**ന്യൂഡൽഹി:** അനധികൃത വിദേശ ഫണ്ടിങ് ഉൾപ്പെടെയുള്ള കേസുമായി ബന്ധപ്പെട്ട് വാർത്താ പോർട്ടലായ ന്യൂസ് ക്ലിക്കിന്റെ ഓഫിസിലും  മാധ്യമപ്രവർത്തകരുടെ വീടുകളിലും ഡൽഹി പൊലീസ് സ്പെഷൽ സെൽ നടത്തുന്ന പരിശോധന തുടരുന്നു. വാർത്താ പോർട്ടലായ ന്യൂസ് ക്ലിക്കിന്റെ ഡൽഹി ഓഫിസ് സീൽ ചെയ്തു. റെയ്ഡിനു പിന്നാലെയാണു ഓഫിസ് സീൽ ചെയ്തത്. രാവിലെ ആരംഭിച്ച പരിശോധനയിൽ ഏഴു മാധ്യമപ്രവർത്തകരുടെ ലാപ്ടോപ്പുകളും മൊബൈൽ ഫോണുകളും പിടിച്ചെടുത്തു. 5 മാധ്യമപ്രവർത്തകരെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി കൊണ്ടുപോയി. ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.10 മാധ്യമ പ്രവർത്തകർക്കെതിരെ കേസിന്റെ അടിസ്ഥാനത്തിൽ നഗരത്തിലെ 24 സ്ഥലങ്ങളിലാണ് റെയ്ഡ് നടത്തിയത്. ചൈനയിൽനിന്ന് അനധികൃതമായി ഫണ്ട് സ്വീകരിച്ചെന്നാണ് ന്യൂസ് ക്ലിക്കിനെതിരായ പരാതി. പണം സ്വീകരിച്ചത് സംബന്ധിച്ച രേഖകൾ സമർപ്പിക്കാൻ സ്ഥാപനത്തിനു സാധിച്ചിട്ടില്ലെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

# സിയാലിൽ 7 മെഗാപദ്ധതികൾക്ക് തുടക്കമായി

### കേരളം മുന്നോട്ടുവയ്ക്കുന്നത് ഉദാരവത്കരണചിന്തകൾക്കുള്ള ബദൽ : മുഖ്യമന്ത്രി



**കൊച്ചി:** അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഏഴ് മെഗാ പദ്ധതികൾക്ക് തുടക്കമായി. ഭാവിയിലെ ട്രാഫിക് / കാർഗോ വളർച്ച, സുരക്ഷാ നവീകരണം എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഏഴ് പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സമൂഹത്തിനാകെ ഉപകരിക്കുന്ന വ്യവസായങ്ങൾ നടത്തുന്നതോ കമ്പോളത്തിൽ ഇടപെടുന്നതോ ഒന്നും സർക്കാരിന്റെ കടമയല്ല എന്ന ഉദാരവത്കരണ ചിന്തയ്ക്ക് ബദലാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

വൻതോതിലുള്ള മൂലധനനിക്ഷേപവും ഭാവിയെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള വികസന കാഴ്ചപ്പാടും നടത്തിപ്പിലെ പ്രൊഫഷണൽ മികവും ആവശ്യമായതിനാൽ സ്വകാര്യമേഖലയിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കാൻ കഴിയൂ എന്ന ചിന്തയാണ് ഇതിന് പിന്നിൽ. സമൂഹത്തിനാകെ ഉപകരിക്കുന്ന വ്യവസായങ്ങൾ നടത്തുന്നതോ കമ്പോളത്തിൽ ഇടപെടുന്നതോ ഒന്നും സർക്കാരിന്റെ കടമയല്ല എന്ന ഉദാരവത്ക്കരണ ചിന്തയും ഇതിന് പിന്നിലുണ്ട്. എന്നാൽ ഇത്തരം ചിന്താഗതിയ്ക്കുള്ള ബദലാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കാണാൻ കഴിയുക. ഇവിടെ അവയെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. കേന്ദ്രം വിൽപ്പനയ്ക്ക് വയ്ക്കുന്ന സ്ഥാപനങ്ങളെവരെ കേരളം ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്നു. ആ ബദലിന്റെ മികച്ച ദൃഷ്ടാന്തമാണ് കേരളസർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മുഖ്യമന്ത്രി പറഞ്ഞു.

അനുദിനം മാറിക്കൊണ്ടിരിക്കുകയും നിരന്തരം പുതിയ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകത്ത്, കാര്യക്ഷമമായും ലാഭകരമായും വിമാനത്താവളങ്ങൾ നടത്താൻ സ്വകാര്യമേഖലയ്ക്ക് മാത്രമേ കഴിയൂ എന്ന വാദത്തെ അപ്രസക്തമാക്കുന്ന ബദലാണ് സിയാൽമുഖ്യമന്ത്രി പറഞ്ഞു.

ഇംപോർട്ട് കാർഗോ ടെർമിനൽ, ഡിജിയാത്ര സോഫ്റ്റ്‌വെയർ, അഗ്നിശമന സേനാ നവീകരണം എന്നിവയുടെ ഉദ്ഘാടനവും രാജ്യാന്തര ടെർമിനൽ വികസനം ഒന്നാംഘട്ടം, ഗോൾഫ് ടൂറിസം, എയ്റോ ലോഞ്ച്, ചുറ്റുമതിൽ സുരക്ഷാവലയം എന്നീ പദ്ധതികളുടെ തറക്കല്ലിടലുമാണ് മുഖ്യമന്ത്രി നിർവഹിച്ചത്. ഈ പദ്ധതികളെല്ലാം തന്നെ നാളെയിലേയ്ക്ക് പറക്കുന്നു എന്ന കൊച്ചി എയർപോർട്ടിന്റെ ആപ്തവാക്യത്തെ സാധൂകരിക്കുന്നതാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

മന്ത്രി പി.രാജീവ് അധ്യക്ഷനായിരുന്നു. സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് സ്വാഗതം പറഞ്ഞു. സിയാൽ ഡയറക്ടർ യൂസഫലി എം.എ. ആമുഖ പ്രഭാഷണ നിർവഹിച്ചു. മന്ത്രിമാരായ കെ.രാജൻ, മുഹമ്മദ് റിയാസ്, ്രഎന്നിവർ വിശിഷ്ടാതിഥികളായി സംസാരിച്ചു. റോജി എം.ജോൺ, എം.പി.മാരായ ബെന്നി ബെഹന്നാൻ, ഹൈബി ഈഡൻ, ചീഫ് സെക്രട്ടറി ഡോ.വി.വേണു, ജനപ്രതിനിധികളായ മാത്യൂ തോമസ്, പി.വി.കുഞ്ഞ്, വി.എം.ഷംസുദ്ദീൻ, ഗ്രേസി ദയാനന്ദൻ, ശോഭാ ഭരതൻ, സിയാൽ ഡയറക്ടർമാരായ ഇ.കെ.ഭരത് ഭൂഷൻ, അരുണ സുന്ദരരാജൻ, എൻ.വി.ജോർജ്, ഡോ.പി.മുഹമ്മദലി എന്നിവർ പങ്കെടുത്തു.





വടുതല ആർ.ഒ.ബിക്കായി കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് വടുതലയിൽ പുനരധിവാസ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടിയ യോഗം ജനറൽ കൺവീനർ ഷാജഹാൻ അബ്ദുൾഖാദർ ഉദ്ഘാടനം ചെയ്യുന്നു. സി.വി.രാജു,കെ.എ.തദേവൂസ്,വി.എൻ.വിനോദ്,പ്രദീപ് ജോസ്,എ.നൗഷാദ് എന്നിവർ സമീപം.

## വടുതല ആർ. ഒ. ബി: വ്യാപാരികൾ സമരത്തിലേയ്ക്ക്

**കൊച്ചി :** വടുതലയിലെ റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികൾക്ക് 2017ൽ സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് ഇതുവരെയും നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് വ്യാപാരികൾ സമര പ്രഖ്യാപനം നടത്തി. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ പിന്തുണയോടെ രൂപീകരിച്ച പുനരധിവാസ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് വ്യാപാരികൾ സമരം നടത്തുക.

വികസനത്തെ എക്കാലവും സ്വാഗതം ചെയ്യുന്ന വ്യാപാരി സമൂഹമാണ് ആ.ഒ.ബിയുടെ പേരിൽ ഉപജീവനമാർഗം നഷ്ടപ്പെട്ട് പെരുവഴിയിലായിരിക്കുന്നതെന്ന് പുനരധിവാസ ആക്ഷൻ കമ്മിറ്റി ജനറൽ കൺവീനർ ഷാജഹാൻ അബ്ദുൾഖാദർ പറഞ്ഞു. വടുതലയിൽ കൂടിയ സമര പ്രഖ്യാപന യോഗത്തിൽ ഐക്യസമിതി ജനറൽ കൺവീനർ എ.നൗഷാദ് അധ്യക്ഷത വഹിച്ചു. കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, കെ.വി.വി.ഇ.എസ് വടുതല യൂണിറ്റ് പ്രസിഡന്റ് വി.എൻ.വിനോദ്, സിറ്റി നോർത്ത് യൂണിറ്റ് പ്രസിഡന്റ് കെ.എ.തദേവൂസ്, പച്ചാളം യൂണിറ്റ് ജനറൽ സെക്രട്ടറി സി.വി.രാജു, പച്ചാളം യൂണിറ്റ് ട്രഷറർ എം.ടി.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## കുട്ടികൾക്ക് ചിത്ര രചന മത്സരം

**കൊച്ചി :** നവരാത്രി മഹോത്സവത്തിന്റെ ഭാഗമായി കലൂർ പാവക്കുളം ക്ഷേത്രത്തിൽ കുട്ടികൾക്ക് ചിത്ര രചന മത്സരം സംഘടിപ്പിക്കുന്നു. ഒക്ടോബർ 15ന് വൈകിട്ട് 3.30 മുതൽ 5.30 വരെയാണ് മത്സരം.

3വയസ് മുതൽ 6 വയസ് വരെ, 7 മുതൽ 12 വയസ് വരെ, 13 മുതൽ 18 വയസ് വരെ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് മത്സരം. പങ്കെടുക്കാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.മത്സരത്തിനുള്ള ചാർട്ട് പേപ്പർ ക്ഷേത്ര സമിതി നൽകും. വാട്ടർ കളർ, ക്രയോൺസ് തുടങ്ങിയവ മത്സരാർത്ഥികൾ കൊണ്ടുവരണം. വിജയികൾക്ക് ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, മെമന്റൊ എന്നിവ നൽകുമെന്ന് ക്ഷേത്ര സമിതി പ്രസിഡന്റ് ടി പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കരോളിൽ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9020216031, 9388866988 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക



കളമശ്ശേരി പ്രീമിയർ ടയേഴ്സിലെ മുൻ ജീവനക്കാരുടെ സംഗമം അപ്പോളോ ടയേഴ്സ് മുൻ മേധാവി എ.എസ്.ഗിരീഷ് ഉദ്ഘാടനം ചെയ്യുന്നു. എൻ.എം.ഹസ്സൻ,വി.എൻ.വേണുഗോപാൽ, കെ.കെ.തമ്പി, പി.നിസ്സാർ, സി.ജെ. ഉമ്മൻ തുടങ്ങിയവർ സമീപം.

## കുടുംബ സംഗമം നടത്തി

**കൊച്ചി :** പ്രീമിയർ ടയേഴ്സ് മുൻ ജീവനക്കാർ ഗാന്ധി ജയന്തി ദിനത്തിൽ കുടുംബ സംഗമം നടത്തി. കളമശ്ശേരി സീ പാർക്ക് ഓഡിറ്റോറിയത്തിൽ എൻ.എം.ഹസ്സന്റെ അധ്യക്ഷതയിൽ കൂടിയ സംഗമം അപ്പോളോ ടയേഴ്സ് മുൻ മേധാവി എ.എസ്.ഗിരീഷ് ഉദ്ഘാടനം ചെയ്തു.

75 വയസ് കഴിഞ്ഞവരെ യോഗത്തിൽ ആദരിച്ചു. മുൻ ജനറൽ മാനേജർ വി.എൻ.വേണുഗോപാൽ, കെ.കെ.തമ്പി, പി.നിസ്സാർ, സി.ജെ. ഉമ്മൻ, കെ.അശോക് ബാബു, സി.എ.സുകുമാരൻ എന്നിവർ പ്രസംഗിച്ചു.

## ചങ്ങമ്പുഴ പാർക്കിൽ ശുചീകരണം

**കൊച്ചി:**മാലിന്യ മുക്ത ഭാരത യജ്ഞത്തിന്റെ ഭാഗമായുള്ള സ്വച്ഛത ഹി സേവ് പ്രോ ഗ്രാമിനോടനുബന്ധിച്ചു നാഷണൽ ഇൻഷുറൻസ് കൊച്ചി റീജിയൻ ഇടപ്പള്ളിയിലെ ചങ്ങമ്പുഴ പാർക്കിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൊച്ചിയിലെ ഡെപ്യൂട്ടി ജനറൽ മാനേജർ മിനി ജോർജ് ഉദ്ഘാടനം നിർവ്വഹിച്ചു കമ്പനിയുടെ വിവിധ ഓഫീസുകളിലെ ജീവനക്കാരും ഇൻഷുറൻസ് ഏജന്റുമാരും പങ്കെടുത്തു



മാലിന്യ മു ക്ത ഭാരത യജ്ഞത്തിന്റെ ഭാഗമായുള്ള സ്വച്ഛത ഹി സേവ് പ്രോഗ്രാമിനോട് അനുബന്ധിച്ച് നാഷണൽ ഇൻഷുറൻസ് കൊച്ചി റീജിയൻ ഇടപ്പള്ളിയിലെ ചങ്ങമ്പുഴ പാർക്കിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കമ്പനിയുടെ കൊച്ചിയിലെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി മിനി ജോർജ് നിർവ്വഹിക്കുന്നു

# സൂര്യകാലടി മനയിൽ ഒക്ടോബർ 5 മുതൽ 8 വരെ നവചണ്ഡികാ യാഗം

**കൊച്ചി :** സൂര്യകാലടി മനയിൽ ഒക്ടോബർ 5 മുതൽ 8 വരെ നവചണ്ഡികാ യാഗം നടക്കും. തിരുഈങ്കോയ്മല (ട്രിച്ചി,തമിഴ്നാട്) മാഠാധിപതി യോഗിനി മാതാ ശ്രീ ല ശ്രീ വിദ്യാംബ സരസ്വതിയുടെ മുഖ്യകാർമ്മികത്വത്തിലായിരിക്കും യാഗം നടക്കുകയെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജശേഖരൻ, സ്വാഗത സംഘം പ്രസിഡന്റ് അഡ്വ.ജി.രാമൻനായർ, ജനറൽ കൺവീനർ ശ്രീകുമാർ ഇടയാടി എന്നിവർ അറിയിച്ചു.

ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വരക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ പ്രസിദ്ധങ്ങളായ ശക്തി പീഠങ്ങളിൽ നിന്നുള്ള മഹാ സാധകർ നേരിട്ട് നടത്തുന്ന നവചണ്ഡികാ യാഗത്തിന് ഏപ്രിൽ 25 ന് എറണാകുളം കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിലാണ് തുടക്കമായത്.

നവചണ്ഡികാ യാഗം എന്ന വിശ്വരക്ഷാ ദൗത്യം വിശ്വ ഹിന്ദു പരിഷത്ത് കേരളമാണ് ഏറ്റെടുത്തിരിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലും യാഗം നടന്നു കഴിഞ്ഞു. കോട്ടയം ജില്ലയിലെ യാഗമാണ് സൂര്യകാലടി മനയിൽ നടക്കുക.

നാളെ രാവിലെ എട്ടിന് ബ്രഹ്മശ്രീ സൂര്യൻ സുബ്രഹ്മണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ മഹാഗണപതി ഹോമം. വൈകിട്ട് മൂന്ന് മുതൽ എഴ് വരെ നവചണ്ഡി പാരായണം. വെള്ളിയാഴ്ച്ച രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ നവചണ്ഡികാ യാഗം. ശനിയാഴ്ച്ച രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ശ്രീ അഷ്ടലക്ഷ്മി പൂജ, ശ്രീ ചക്രനവാവരണ പൂജ വൈകിട്ട് ആറിന് ബഗിളാപ്രത്യംഗരി ഹോമം. ഞായറാഴ്ച്ച രാവിലെ ഏഴ് മുതൽ ഒരുമണിവരെ ശ്രീ ലളിതാ യാഗം. എല്ലാ ദിവസവും അന്നദാനവും ഉണ്ടാകുമെന്നും സംഘാടകർ അറിയിച്ചു.

കാഞ്ചി മഠാധിപതി ശ്രീ ശങ്കര വിജയേന്ദ്ര സരസ്വതി സ്വാമികൾ ആണ് യാഗത്തിന്റെ മുഖ്യരക്ഷാധികാരി. ഭാരതത്തിൽ അങ്ങോളമിങ്ങോളമുള്ള പ്രസിദ്ധരായ സാധകരും, കർമ്മികളും, ഹൈന്ദവ, സന്യാസി ശ്രേഷ്ഠന്മാരും, ആചാര്യ ശ്രേഷ്ഠന്മാരും യാഗങ്ങളിൽ മുഴുവൻ സമയം പങ്കെടുക്കുകയും സത്സംഗങ്ങൾ നടത്തുകയും ചെയ്യും. അതാത് ജില്ലകളിലെ യാഗദിവസങ്ങളിൽ വിവിധ കലാപരിപാടികളും,സാംസ്കാരിക സമ്മേളനങ്ങളും പ്രഭാഷണങ്ങളും നടക്കും.

2024 ആഗസ്റ്റിൽ തൃശ്ശൂരിൽ 11 ദിവസം നീണ്ടു നിൽക്കുന്ന ശത ചണ്ഡികാ യാഗത്തോടെ സമാപനം കുറിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ശത ചണ്ഡികാ യാഗത്തിൽ മുഖ്യ അതിഥിയായി പങ്കെടുക്കും. മാതാ അമൃതാനന്ദമയി ദേവി, ശ്രീ ശ്രീ രവിശങ്കർ, സദ്ഗുരു, നാലു മഠങ്ങളിൽ നിന്നുള്ള ശങ്കരാചാര്യന്മാർ,ദലൈലാമ ഉൾപ്പെടെയുള്ള ആചാര്യ ശ്രേഷ്ഠന്മാർ,സന്യാസിവര്യന്മാർ തുടങ്ങിയവരും ശത ചണ്ഡികാ യാഗത്തിൽ പങ്കെടുക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റും വിശ്വരക്ഷാ യാഗസമിതി ചെയർമാനുമായ വിജി തമ്പി, സംഘടനാ സെക്രട്ടറി ഗിരീഷ് കള്ളിക്കൽ, കോഓർഡിനേറ്റർ ത്രിവിക്രമൻ അടികൾ, ശബരിമല,ഗുരുവായൂർ മുൻ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവർ കൊച്ചിയിൽ നവചണ്ഡികാ യാഗ പ്രഖ്യാപന വേളയിൽ വ്യക്തമാക്കിയിരുന്നു.

## ഇൻഷുറൻസ് ക്ലെയിം സെറ്റിൽമെന്റ്:ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഒന്നാമത്

**തിരുവനന്തപുരം:** 2024 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ലൈഫ് ഇൻഷുറൻസ് കമ്പനികൾ നടത്തിയ ക്ലെയിം സെറ്റിൽമെന്റ് അനുപാതത്തിൽ ഒന്നാം സ്ഥാനത്തെത്തി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. കണക്കുകൾ പ്രകാരം 97.90% ആണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം. എസ്ബിഐ ലൈഫ് ഇൻഷുറൻസ് 95.80%, ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് 93.50%, മാക്സ് ലൈഫ് ഇൻഷുറൻസ് 86.30%, ടാറ്റാ എഐഎ ലൈഫ് ഇൻഷുറൻസ് 77.30% എന്നിങ്ങനെയാണ് മറ്റു സ്ഥാനങ്ങളിലെത്തിയ ലൈഫ് ഇൻഷുറൻസ് കമ്പനികളുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം. അതാത് കമ്പനി വെബ്സൈറ്റുകളിൽ പൊതുജന സമക്ഷം വെളിപ്പെടുത്തിയ പട്ടികയിൽ നിന്നാണ് ക്ലെയിം സെറ്റിൽമെന്റ് അനുപാതങ്ങൾ കണക്കാക്കിയത്. മൊത്തത്തിൽ ലഭിച്ച ക്ലെയിമുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ കമ്പനി കൊടുത്തു തീർത്ത ക്ലെയിമുകളുടെ ശതമാനം ആണ് അനുപാതം കാട്ടിത്തരുന്നത്. സെറ്റിൽമെന്റ് ക്ലെയിമുകളെ മൊത്തം ക്ലെയിമുകൾ കൊണ്ട് ഹരിക്കുകയും അതിനെ 100 കൊണ്ട് ഗുണിക്കുകയും ചെയ്താണ് ഈ കണക്കുകൾ. ഒരു കമ്പനി 10,000 ക്ലെയിമുകളിൽ 9,800 ക്ലെയിമുകളും സെറ്റിൽ ചെയ്തുവെങ്കിൽ അനുപാതം 98% ആണെന്ന് ഉദാഹരണമായി പറയാം. ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ക്ലെയിം ഫോർ ഷുവർ എന്ന സംരംഭം ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ച് കഴിഞ്ഞ് ഒരു ദിവസത്തിനുള്ളിൽ തന്നെ അർഹതപ്പെട്ട മരണ ക്ലെയിമുകൾ സെറ്റിൽ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്.



ടൈ കേരളയുടെ എൻ്റർപ്രണർഷിപ്പ് എംപവർമെന്റ് ക്യാമ്പ് സി ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

## ടൈ കേരളയുടെ യംഗ് എൻ്റർപ്രണർഷിപ്പ് എംപവർമെന്റ് പ്രോഗ്രാമിന് തുടക്കമായി

**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള സംരംഭക കൂട്ടായ്മയായ ടൈ കേരളയും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സമഗ്രശിക്ഷാ കേരളയും സഹകരിച്ച് സംഘടിപ്പിച്ച സംരംഭകത്വ പരിശീലന ക്യാമ്പ് ഫെഡറൽ ബാങ്ക് ചെയർമാൻ സി ബാലഗോപാൽ ആലുവ നിവേദിത സെന്ററിൽ ഉദ്ഘാടനം ചെയ്തു. ടൈ കേരളയുടെ സ്കൂൾ വിദ്യാർഥികൾക്കായുള്ള ടൈ യംഗ് എൻ്റർപ്രണേഴ്സ് ഇനീഷ്യേറ്റീവിന്റെ ഭാഗമായാണ് വൊക്കേഷണൽ വിദ്യാർഥിനികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചത്.

ഡോക്ടറും എൻജിനിയറും ടീച്ചറുമാകാൻ ആഗ്രഹിക്കുന്നവരാണ് വിദ്യാർഥികളെങ്കിലും ആർക്കും സ്വന്തമായി വ്യവസായം തുടങ്ങാൻ താത്പര്യമില്ലെന്ന് സി ബാലഗോപാൽ പറഞ്ഞു.

വ്യവസായത്തെ കുറിച്ച് കുട്ടികളിൽ കൃത്യമായ അവബോധമില്ലാത്തതുകൊണ്ടാണ് അവർക്കാക്കും ഇക്കാര്യത്തിൽ താത്പര്യമില്ലാത്തത്. തൊഴിൽ തേടുന്നവരേക്കാൾ തൊഴിൽ നൽകുന്നവരാകാൻ വ്യവസായികളാകുന്നതിലൂടെ സാധിക്കുമെന്നും അതിനുവേണ്ടിയാണ് വിദ്യാർഥികൾ ശ്രമിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

പ്ലസ് വൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കായി സംസ്ഥാനത്താകെ നടത്തിയ ആപ്റ്റിറ്റിയൂഡ് ടെസ്റ്റിലൂടെ തെരഞ്ഞെടുക്കപ്പെട്ട 90 പേരാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സമഗ്ര ശിക്ഷാ കേരളയും സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ടൈ കേരള ക്യാമ്പ് സംഘടിപ്പിക്കുന്നത്.

ഹൈസ്കൂൾ വിദ്യാർഥികൾക്കായി ക്ലാസ് റൂം സെഷനുകൾ, മെന്ററിംഗ്, ബിസിനസ് പ്ലാൻ മത്സരം എന്നിവ സംയോജിപ്പിച്ച് അവരെ സംരംഭകത്വവും നേതൃത്വപരമായ കഴിവുകളും പഠിപ്പിക്കാനു സംരംഭകരായി വളർത്തിയെടുക്കാനും വേണ്ടി രൂപകൽപ്പന ചെയ്ത ആഗോള സംരംഭമാണ് ടൈഎൻ്റർപ്രണേഴ്സ്.

## പുതിയ കിയ കാരൻസ് എക്സ് ലൈൻ 18.94 ലക്ഷം രൂപ മുതൽ

**കൊച്ചി:** കിയ പുതിയ കാരൻസ് എക്സ് ലൈൻ കാറുകൾ പുറത്തിറക്കി.




പെട്രോൾ, ഡീസൽ എന്നിങ്ങനെ രണ്ട് വേരിയന്റുകളിലെത്തുന്ന കാരൻസ് എക്സ് ലൈൻ 18.94 ലക്ഷം രൂപ മുതൽ ലഭിക്കും. പ്രീമിയം ഫീച്ചറുകളോടുവരുന്ന എക്സ് ലൈൻ പെട്രോൾ 7ഡിസിടിക്ക് 18,94,900 രൂപയും, ഡീസൽ 6എടി ക്ക് 19,44,900 രൂപയുമാണ് വിലകൾ.

എക്സ്ക്ലൂസീവ് മാറ്റ് ഗ്രാഫൈറ്റ് എക്സ്റ്റീരിയർ കളറും എക്സ്ക്ലൂസീവ് ടു ടോൺ ബ്ലാക്ക്, സ്പ്ലെൻഡിഡ് സേജ് ഗ്രീൻ ഇന്റീരിയറുകളുമാണ് കാരൻസ് എക്സ് ലൈനിന് നൽകിയിരിക്കുന്നത്. പോഡ്കാസ്റ്റുകൾ, സ്ക്രീൻ മിററിംഗ്, പിങ്ക്ഫോംഗ് എന്നിവയുൾപ്പെടെയുള്ള വൈവിധ്യമാർന്ന വിനോദ, വാർത്താ ആപ്പുകളും ഫീച്ചർ ചെയ്യുന്ന എക്സ്ക്ലൂസീവ് റിയർ സീറ്റ് എന്റർടൈൻമെന്റ് (ആർഎസ്ഇ) യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്.

നിലവിൽ കിയ കാരെൻസിനു 100,000 ഉപഭോക്താക്കളാണ് ഉള്ളത്, പുതിയ എക്സ് ലൈൻ അത് ഗണ്യമായി വികസിപ്പിക്കുമെന്നു കിയ ഇന്ത്യ ചീഫ് സെയിൽസ് ആൻഡ് ബിസിനസ് ഓഫീസർ മ്യുങ്സിക് സോൺ പറഞ്ഞു.

# വേഗത്തിലെടുക്കുന്ന തീരുമാനങ്ങൾ വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തും: കിഷോർ റുംഗ്ത




എം കെ കെ നായർ അനുസ്മരണ പ്രഭാഷണത്തിൽ എഫ് എ സി ടി മാനേജിംഗ് ഡയറക്ടർ കിഷോർ റുംഗ്ത മുഖ്യപ്രഭാഷണം നടത്തുന്നു. എ സി കെ നായർ, ഡോ. പി ശ്രീകുമാർ, എ ബാലകൃഷ്ണൻ, ദിലീപ് നാരായണൻ എന്നിവർ സമീപം

കൊച്ചി: കേരള മാനേജ്മെന്റ് അസോസിയേഷൻ എല്ലാ വർഷവും സംഘടിപ്പിക്കുന്ന എം കെ കെ നായർ അനുസ്മരണ പ്രഭാഷണത്തിൽ എഫ് എ സി ടി ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കിഷോർ റുംഗ്ത മുഖ്യപ്രഭാഷണം നടത്തി. വീദ്യോദയ ട്രസ്റ്റ് എക്സിക്യൂട്ടീവ് ട്രസ്റ്റിയും സീനിയർ ന്യൂറോ സർജനുമായ ഡോ. പി ശ്രീകുമാർ എം കെ കെ നായർ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു.

ജീവിതത്തിലും കർമ മേഖലയിലും മികവിന്റെ പര്യായമായിരുന്നു എം കെ കെ നായരെന്ന് അനുസ്മരണ പ്രഭാഷണത്തിൽ ഡോ. പി ശ്രീകുമാർ പറഞ്ഞു. തന്നോടൊപ്പം പ്രവർത്തിക്കുന്നവർക്ക് ആത്മവിശ്വാസം നൽകുകയും പ്രതിസന്ധികളിലും പ്രയാസങ്ങളിലും കൂടെ നിൽക്കുകയും ചെയ്യുന്ന അദ്ദേഹം വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചതായും ഡോ. പി ശ്രീകുമാർ പറഞ്ഞു.

എഫ് എ സി ടി: ദി പ്രസന്റ് ഫാക്ട് എന്ന വിഷയത്തിൽ കിഷോർ റുംഗ്ത പ്രഭാഷണം നടത്തി. അരനൂറ്റാണ്ടു മുമ്പ് തന്റെ മുൻഗാമിയായി എഫ് എ സി ടി മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ച എം കെ കെ നായർ അന്ന് തുടക്കമിട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ ഫലങ്ങളായി ലഭിക്കുന്നതെന്ന് കിഷോർ റുംഗ്ത പറഞ്ഞു. കെമിക്കൽ വ്യവസായ മേഖലയിൽ മുക്കാൽ നൂറ്റാണ്ടുകാലമായി എഫ് എ സി ടി നിലനിൽക്കുന്നു എന്നത് കേവലം തമാശയായി കാണേണ്ട കാര്യമല്ലെന്നും അദ്ദേഹം വിശദമാക്കി.

പ്രവർത്തന മൂലധനവും ജീവനക്കാരും കുറവുള്ള ഒരു സാഹചര്യത്തിൽ നിന്നാണ് എഫ് എ സി ടിയെ ഇപ്പോഴത്തെ ആറായിരം കോടി രൂപ വരുമാനമുള്ള അവസ്ഥയിലേക്ക് എത്തിച്ചതെന്ന് കിഷോർ റുംഗ്ത പറഞ്ഞു. ഏതൊരു സ്ഥാപനത്തിന്റേയും വളർച്ചയ്ക്ക് ഏറ്റവും ആവശ്യമായിട്ടുള്ളത് സമയവും ധനവുമാണെന്നും അതുകൊണ്ടുതന്നെ ഏറ്റവും വേഗത്തിൽ തീരുമാനമെടുത്ത് പ്രവർത്തിക്കുകയാണ് എഫ് എ സി ടിയുടെ വിജയത്തിന് കാരണമെന്നും അദ്ദേഹം പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മികച്ച കാഴ്ചപ്പാടോടെ സമൂഹത്തിന് നേതൃത്വം നൽകി ഉപകാരപ്രദമായ സംഭാവനകൾ നൽകുന്നവരാണ് നല്ല നേതാക്കളെന്ന് എ ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടി.

കെ എം എയുടെ മെമ്മോറിയൽ ലക്ചർ ചെയർമാൻ എ സി കെ നായർ സ്വാഗതവും കെ എം എ ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.

# മീഷോ മെഗാ ബ്ലോക്ക് ബസ്റ്റർ സെയിൽ ഒക്ടോബർ 6 മുതൽ

കൊച്ചി: ഇന്ത്യയിലെ മുൻനിര ഇകൊമേഴ്സ് വിപണിയായ മീഷോ ഒക്ടോബർ 6 മുതൽ മീഷോ മെഗാ ബ്ലോക്ക് ബസ്റ്റർ സെയിൽ ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. 14 ലക്ഷത്തിലധികം വിൽപനക്കാരിലൂടെ 12 കോടി ഉൽപ്പന്നങ്ങൾ 30 വിഭാഗങ്ങളിലായി ലിസ്റ്റ് ചെയ്തിരിക്കുന്ന മീഷോ, ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ഈ ഉത്സവ സീസണിൽ താങ്ങാനാവുന്ന വിലയിൽ വലിയൊരു നിര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യമിട്ടാണ് മെഗാ ബ്ലോക്ക് ബസ്റ്റർ സെയിൽ സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പേഴ്സണൽ കെയർ ആൻഡ് ബ്യൂട്ടി, ഹോം ആൻഡ് കിച്ചൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളിലും ഈ വർഷത്തിലും 100% വളർച്ച നേടുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്. ഉത്സവ സീസണിനു മുമ്പായി തങ്ങളുടെ പ്ലാറ്റ്ഫോമിൽ ഒരു ലോയൽറ്റി പ്രോഗ്രാമും മീഷോ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്കും വിൽപ്പനക്കാർക്കും ഒരുപോലെ ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലാണ് ഇതിന്റെ രൂപകൽപന. ഉത്സവ സീസണിൽ മുഴുവൻ തടസമില്ലാതെ ഷോപ്പിങ്ങ് അനുഭവം ഉപഭോക്താക്കൾക്ക് നൽകുന്ന ലോയൽറ്റി പ്രോഗ്രാം മീഷോയുടെ വൈവിധ്യമാർന്ന ഉൽപ്പന്ന നിരകളുമായി ഇടപഴകുവാൻ ഉപഭോക്താക്കളെ സഹായിക്കുകയും ചെയ്യും.

ഇതിനു പുറമേ മീഷോ ഗോൾഡ് എന്ന പ്രാഗ്രാമും ആരംഭിച്ചിട്ടുണ്ട്. എത്നിക് വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഹോം ആൻഡ് കിച്ചൺ ഉൽപ്പന്നങ്ങൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളിലായി വിശ്വസിക്കാവുന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളുടെ വലിയ സെലക്ഷനാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണങ്ങളുടേയും ലഭ്യതയുടേയും അടിസ്ഥാനത്തിൽ വളരെ ശ്രദ്ധാപൂർവം രൂപം നൽകിയിരിക്കുന്ന ഉൽപ്പന്ന നിരയാണിത്. കഴിഞ്ഞ 2 മാസങ്ങളിലായി പുതിയതായി 2 രണ്ട് ലക്ഷത്തോളം വിൽപ്പനക്കാരാണ് മീഷോയിൽ പുതുതായി ചേർന്നത്. മീഷോ അടുത്തിടെ ബ്രാൻഡഡ് മേഖലയിലേക്കും പ്രവേശിച്ചിരുന്നു. നിലവിൽ മീഷോ മാൾ 400ലധികം ബ്രാൻഡുകളുമായി പങ്കാളിത്തം സ്ഥാപിച്ചിട്ടുണ്ട്.

ഒക്ടോബർ 6ന് ആരംഭിക്കുന്ന മീഷോ മെഗാ ബ്ലോക്ക് ബസ്റ്റർ സെയിൽ കോടിക്കണക്കിന് ഇന്ത്യക്കാരുടെ ഉത്സവ കാലത്തെ ഷോപ്പിങ്ങ് അഭിലാഷങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മീഷോ ഗ്രോത്ത് സി എക്സ്ഒ മേഘാ അഗർവാൾ പറഞ്ഞു.

# കുട്ടികളിലെ ഹ്രസ്വദൃഷ്ടി നിയന്ത്രിക്കാൻ സമഗ്ര പദ്ധതികൾ വേണം: നേത്രരോഗ വിദഗ്ദർ

**കൊച്ചി:** കാഴ്ചാ വൈകല്യമായ ഹ്രസ്വദൃഷ്ടി അഥവാ മയോപിയയുടെ വ്യാപനവും, ചികിത്സയും, ശസ്ത്രക്രിയാ രീതികളും, മറ്റ് നിയന്ത്രണ നടപടികളും ചർച്ച ചെയ്യുന്ന നേത്രരോഗ ശസ്ത്രക്രിയാ വിദഗ്ദ്ധരുടെ ദേശീയ മയോപ്പിയ കോൺക്ലേവ് കലൂർ ഐ.എം.എ ഹൗസിൽ നടന്നു.

ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടാണ് സമ്മേളനത്തിന്റെ സംഘാടകർ. കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ്, കൊച്ചിൻ ഒഫ്താൽമിക് ക്ലബ്ബ് എന്നിവയുടെ പിന്തുണയോടെയാണ് സമ്മേളനം നടന്നത്.

കേരള സ്റ്റേറ്റ് ഒഫ്താൽമിക് സർജൻസ് പ്രസിഡന്റ് ഡോ.സായികുമാർ എസ്.ജെ സമ്മേളനം ഉൽഘാടനം ചെയ്തു.ഇലക്ട്രോണിക് ഉപകരണങ്ങളുടെയും ടെലിവിഷനുകളുടെയും അമിതോപയോഗവും, പുറത്തെ വിനോദങ്ങളിൽ ഏർപ്പെടുന്നത് കുറയുന്നതും കുട്ടികളിൽ മയോപിയ വർധിക്കുന്നതിന് കാരണമാവുന്നുണ്ടെന്ന് ഡോ.സായികുമാർ എസ്.ജെ പറഞ്ഞു.

മയോപിയ വർദ്ധിക്കുന്നതിൽ ജനിതകവും മറ്റ് സാമൂഹിക ഘടകങ്ങളും ഒരു കാരണമാവാം.



നേത്രവൈകല്യം അവഗണിക്കുന്നത് ജീവിത നിലവാരത്തെയും പഠനത്തെയും സാരമായി ബാധിക്കും.മയോപിയ അധികരിക്കുന്നത് (ഉയർന്ന മയോപിയ) അന്ധത ഉൾപ്പെടെയുള്ള സങ്കീർണതകളിലേക്ക് നയിച്ചേക്കാം.

കാഴ്ചാ വൈകല്യങ്ങൾക്കായുള്ള സ്ക്രീനിങ്ങും കണ്ണടകളും കുട്ടികൾക്കായി സാർവത്രികമാക്കേണ്ടതുണ്ട്.

നിർധനരായ കുട്ടികൾക്ക് സൗജന്യ കണ്ണട നൽകുന്ന പദ്ധതികൾ ആരോഗ്യമേഖല ആവിഷ്കരിക്കണമെന്ന് ഡോ.സായികുമാർ എസ്.ജെ. പറഞ്ഞു.

ഏകദേശം 40% കുട്ടികൾ മാത്രമെ കാഴ്ചാ വൈകല്യങ്ങൾക്ക് കണ്ണട ഉപയോഗിക്കുന്നുള്ളൂ. കുട്ടികൾക്കും രക്ഷിതാക്കൾക്കുമിടയിൽ പ്രചാരണ പരിപാടികൾ നടത്തണം. സ്കൂൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഇതിന് ആവശ്യമാണ്.

ഉദ്ഘാടന ചടങ്ങിൽ ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഡയറക്ടർ ഡോ.എ.ഗിരിധർ, കൊച്ചിൻ ഒഫ്താൽമിക് ക്ലബ്ബ് പ്രസിഡന്റ് ഡോ.എസ്.ശശികുമാർ, ഓർഗനൈസിങ് ചെയർമാൻ ഡോ.വിനയ് . എസ്.പിള്ള, ഓർഗനൈസിങ് സെക്രട്ടറി ഡോ.നീന ആർ എന്നിവർ സംസാരിച്ചു.

റിഫ്രാക്റ്റീവ്, മെഡിക്കൽ റെറ്റിന, സർജിക്കൽ റെറ്റിന, കോർണിയ, ന്യൂറോ ഒഫ്താൽമോളജി, പീഡിയാട്രിക് ഒഫ്താൽമോളജി എന്നീ വിഭാഗങ്ങളിലെ വിദഗ്ധരുടെ നേതൃത്വത്തിൽ മയോപിയ നിയന്ത്രണം, ശസ്ത്രക്രിയ, രോഗ നിർണ്ണയത്തിലെ വെല്ലുവിളികൾ എന്നിവയിൽ ശാസ്ത്ര സെഷനുകൾ നടന്നു.

മൈക്രോ കെരാറ്റോ ലാസിക്, ഫാക്കിക് ഇൻട്രാ ഒക്കുലർ ലെൻസ് എന്നിവയെ കുറിച്ചുള്ള പ്രീ കോൺഫറൻസ് ശിൽപശാലകൾ ശനിയാഴ്ച നടന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നായി പ്രമുഖ നേത്രരോഗ വിദഗ്ധരും, ശസ്ത്രക്രിയാ വിദഗ്ധരും, സമ്മേളനത്തിൽ പങ്കെടുത്തു.

# നാനൂറോളം സ്റ്റാളുകളും ഒൻപതുവേദികളുമായി കേരളീയം വ്യവസായ പ്രദർശന മേള

## ■ നവംബർ ഒന്നുമുതൽ ഏഴുവരെയാണ് പ്രദർശനം

**തിരുവനന്തപുരം:** കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വ്യവസായ പ്രദർശന മേളയിൽ ഒരുങ്ങുന്നത് നാനൂറോളം സ്റ്റാളുകൾ. ഒൻപതു വേദികളിലായാണ് വ്യത്യസ്ത ഉത്പന്നങ്ങളുടെ വമ്പൻ പ്രദർശന മേള നടക്കുക. ഭക്ഷ്യഉത്പന്നങ്ങൾ, കളിപ്പാട്ടങ്ങൾ, ആഭരണങ്ങൾ തുടങ്ങി മാലിന്യ നിർമാർജന പ്ലാന്റ് വരെ പ്രദർശനത്തിലുണ്ടാവും.

നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരം ആതിഥ്യമരുളുന്ന കേരളീയം ജനകീയോത്സവത്തിന്റെ ഭാഗമായാണ് നഗരത്തിലെ വിവിധ ഇടങ്ങളിൽ ട്രേഡ് ഫെയർ നടക്കുന്നത്. സർക്കാർ വകുപ്പുകളുടേയും സ്വകാര്യസംരംഭകരുടേയും സ്റ്റാളുകൾ പ്രദർശനത്തിലുണ്ടാകും.

പുത്തരിക്കണ്ടം മൈതാനം, ടാഗോർ തിയറ്റർ, കനകക്കുന്ന്, യൂണിവേഴ്സിറ്റി കോളജ്, എൽ.എം.എസ്. കോമ്പൗണ്ട്, സെൻട്രൽ സ്റ്റേഡിയം എന്നിങ്ങനെ ആറുവേദികളിലാണ് സർക്കാർ വകുപ്പുകളുടെ പ്രദർശനങ്ങൾ നടക്കുക.

വ്യവസായവാണിജ്യ വകുപ്പ്, സഹകരണവകുപ്പ്, കുടുംബശ്രീ, പട്ടികവർഗ വികസന വകുപ്പ്, കൃഷി വകുപ്പ്, കയർ കാഷ്യൂഹാൻഡ്‌ലൂം എന്നിവയുടെ പ്രദർശന വിൽപന മേളയാണ് ഇവിടങ്ങളിൽ നടക്കുന്നത്.

ഭക്ഷ്യപേപ്പർ ഉത്പന്നങ്ങൾ, കൈത്തറി, ഫാം ഉത്പന്നങ്ങൾ, മാലിന്യ നിർമാർജനം, സുഗന്ധവിളകൾ, തേൻ, മത്സ്യം, ചക്കയുടെ മൂല്യവർധിത ഉത്പന്നങ്ങൾ, പുനരുപയുക്ത ഊർജം, മെഡിക്കൽ ഇംപ്ലാന്റ്സ്, സൗരോർജ ഉപകരണങ്ങൾ, കളിമൺ പാത്രനിർമാണം, ടെറകോട്ട, ക്ളേ മോഡൽ, ജൂട്ട് ഉത്പന്നങ്ങൾ, കയറ്റുമതി നിലവാരത്തിലുള്ള ഭക്ഷ്യ ഉൽപന്നങ്ങൾ, കൈകൊണ്ട് തുന്നിയ കുർത്തി, സാരി തുടങ്ങി നിരവധി ഉൽപന്നങ്ങളുടെ സ്റ്റാളുകൾ കേരളീയത്തിൽ സജ്ജീകരിക്കും.

കേരളീയത്തിന്റെ പ്രധാനവേദികളിലൊന്നായ പുത്തരിക്കണ്ടം മൈതാനത്ത് മാത്രം നൂറോളം സ്റ്റാളുകൾ ഉണ്ടാകും. ടാഗോർ തിയറ്റർ, കനകക്കുന്ന്, യൂണിവേഴ്സിറ്റി കോളജ്, എൽ.എം.എസ്. കോമ്പൗണ്ട്, സെൻട്രൽ സ്റ്റേഡിയം എന്നീ വേദികളിൽ 50 സ്റ്റാളുകൾ വീതവുമാണുള്ളത്. വ്യവസായവകുപ്പിന്റെ 75 സ്റ്റാളുകൾ, ബാംബു മിഷന്റെ 25 സ്റ്റാളുകൾ, കുടുംബശ്രീയുടെയും, പട്ടികവർഗ വികസന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും അൻപതു സ്റ്റാളുകൾ വീതവും മേളയിലുണ്ടാകും.

മൂന്നുപ്രദർശനവേദികാണ് ഉണ്ടാവുക. ഇവിടെ ഒരുക്കുന്ന അൻപതോളം വേദികളിൽ അക്വേറിയം, ആഭരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഗിഫ്റ്റുകൾ എന്നിവയുടെ പ്രദർശനവും വിൽപനയും നടക്കും. വ്യവസായ വാണിജ്യപ്രദർശനത്തിന്റെ വിജയത്തിനായി അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായ വിപുലമായ കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്.

# ആഘോഷങ്ങളുമായി ഷഓമി ഇന്ത്യ ദീപാവലിക്ക് തുടക്കം കുറിക്കുന്നു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വിശ്വസനീയമായ സ്മാർട്ട്ഫോൺ ബ്രാൻഡായ ഷഓമി ഇന്ത്യ, ദീവാളി വിത്ത് മി ഉത്സവ കാമ്പെയ്നിന്റെ ഏറ്റവും പുതിയ പതിപ്പ് പ്രഖ്യാപിച്ച അവസരത്തിൽ വേറെയില്ലാത്ത ദീപാവലിക്ക് ഒരുങ്ങുക. ഈ വർഷത്തെ കാമ്പെയ്ൻ ആശ്ചര്യങ്ങളും പുതുമകളും ഹൃദയത്തിൽ നിന്ന് മികച്ച തിരഞ്ഞെടുപ്പുകൾ നടത്താൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയും നിറഞ്ഞ ഒരു അവിസ്മരണീയമായ ആഘോഷം വാഗ്ദാനം ചെയ്യുന്നു.

# പൊതുമേഖലയിലെ മികവ്: സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ പ്രഖ്യാപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നതിനായി ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ ഭാഗമായാണ് അവാർഡുകൾ ഏർപ്പെടുത്തിയത്. സംസ്ഥാനത്തെ മികച്ച പൊതുമേഖലാ സ്ഥാപനം, മികച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നീ പുരസ്കാരങ്ങൾക്കൊപ്പം വ്യവസായ മേഖലയെക്കുറിച്ചുള്ള മികച്ച റിപ്പോർട്ടിംഗിനായി ഏർപ്പെടുത്തിയ മാധ്യമ അവാർഡുകളും പ്രഖ്യാപിച്ചു.

നാല് വിഭാഗങ്ങളിലായാണ് മികച്ച പൊതു മേഖലാ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ. മാനുഫാക്ചറിംഗ് മേഖലയിൽ 100 കോടി രൂപക്ക് മുകളിൽ വിറ്റുവരവുള്ള സ്ഥാപനം, 25 കോടി രൂപക്ക് മുകളിലും 100 കോടി രൂപക്ക് താഴെയും വിറ്റുവരവുള്ള സ്ഥാപനം, 25 കോടി രൂപക്ക് താഴെ വിറ്റുവരവുള്ള സ്ഥാപനം, മാനുഫാക്ചറിംഗ് ഇതര മേഖലയിലെ മികച്ച പൊതുമേഖലാ സ്ഥാപനം എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ രേഖപ്പെടുത്തിയ വാർഷിക വളർച്ചാ നിരക്ക് ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണ്ണയിച്ചത്.

മികച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/മാനേജിംഗ് ഡയറക്ടർക്കുള്ള പുരസ്കാരത്തിനായി സ്ഥാപനത്തിന്റെ പ്രകടനവും നേതൃപാടവവും കൈവരിച്ച പ്രത്യേക നേട്ടങ്ങളും പരിഗണിച്ചതായി അവാർഡ് നിർണ്ണയ സമിതി അറിയിച്ചു. ഇത്തവണ രണ്ട് പേർ ഈ അവാർഡ് പങ്കിട്ടു. സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചക്ക് സഹായകരമായ മാധ്യമറിപ്പോർട്ടുകൾക്ക് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ അച്ചടിദൃശ്യ മാധ്യമങ്ങൾക്കാണ് നൽകുന്നത്. അഞ്ച് ലക്ഷം രൂപയും പ്രശസ്തിഫലകവുമാണ് മികച്ച പൊതുമേഖലാ സ്ഥാപനത്തിനുള്ള പുരസ്കാരം. ഒരു ലക്ഷം രൂപയും പ്രശസ്തിഫലകവുമാണ് മികച്ച മാനേജിംഗ് ഡയറക്ടർക്കുള്ള പുരസ്കാരം. അച്ചടിദൃശ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കുള്ള ആദ്യ മൂന്ന് അവാർഡുകൾക്ക് യഥാക്രമം 50000, 25000, 10000 രൂപ വീതവും പ്രശസ്തിഫലകവും ലഭിക്കും. കെ.എസ്.ഐ.ഡി.സി ചെയർമാൻ പോൾ ആന്റണി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ബി.പി.സി.എൽ കൊച്ചി റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്റ്റർ ഇ. നന്ദകുമാർ എന്നിവരടങ്ങിയ സമിതിയാണ് പൊതുമേഖലാ അവാർഡുകൾ നിർണ്ണയിച്ചത്. വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്.ബാബു, ദി ഹിന്ദു ഡെപ്യൂട്ടി എഡിറ്റർ എ.എം. ജിഗീഷ് എന്നിവരടങ്ങിയ സമിതിയാണ് മാധ്യമ അവാർഡുകൾ നിശ്ചയിച്ചത്.

# കേരളോത്സവം 2023 ; രജിസ്ട്രേഷൻ ആരംഭിച്ചു

**തിരുവനന്തപുരം:** സംസ്ഥാന യുവജനക്ഷേമബോർഡും പൂതക്കുളം ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന 'കേരളോത്സവം 2023'ന്റെ വിവിധ മത്സരങ്ങളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. പൂതക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായവർക്കും 2023 നവംബർ ഒന്നിന് 15നും 45നും മദ്ധ്യേ പ്രായമുള്ളവർക്കും മത്സരങ്ങളിൽ പങ്കെടുക്കാം. അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, വടംവലി, ഷട്ടിൽ ബാഡ്മിന്റൺ, കബഡി, ചെസ്സ്, സാഹിത്യ രചന തുടങ്ങി ഇനങ്ങളിലാണ് മത്സരങ്ങൾ.കലാമത്സര ഇനങ്ങളിൽ ഒരാൾക്ക് നാല് വ്യക്തിഗതഇനങ്ങളിലും മൂന്ന് ഗ്രൂപ്പ്ഇനങ്ങളിലും മത്സരിക്കാം. അപേക്ഷകൾ ഒക്ടോബർ ആറിന് ഉച്ചയ്ക്ക് രണ്ടിനകം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കണം.

ഒക്ടോബർ എട്ടിന് ആരംഭിക്കുന്ന ഗ്രാമപഞ്ചായത്ത്തല കേരളോത്സവത്തിന്റെ ഉദ്ഘാടനം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം കെ ശ്രീകുമാർ നിർവഹിക്കും. പൂതക്കുളം സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം, ഗ്രാമപഞ്ചായത്ത് ഹാൾ, പാർക്ക് മുക്ക് ബ്രദേഴ്സ് ക്ലബ്ബ് ഗ്രൗണ്ട് എന്നിവിടങ്ങളിലാണ് മത്സരങ്ങൾ. ഒക്ടോബർ13നാണ് സമാപനം.

# സ്വാസിക ഇനി വമ്പത്തി




സ്വാസികയെ പ്രധാന കഥാപാത്രമാക്കി ലാൽ ബിജോ കഥയെഴുതി സംവിധാനം ചെയ്യുന്ന വമ്പത്തി എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റീലീസായി.

ഫിലിം ഫോറസ്റ്റ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സൂരജ് വാവ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രമോദ് കെ പിള്ള നിർവ്വഹിക്കുന്നു.ലാൽ ബിജോ, അഷ്റഫ് മുഹമ്മദ് എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.റഫീഖ് അഹമ്മദ്, ബാപ്പു വെളിപ്പറമ്പ്,

വിമൽ ദേവ് എന്നിവർ എഴുതിയ വരികൾക്ക് ബിജിബാൽ സംഗീതം പകരുന്നു.എഡിറ്റർപ്രജേഷ് പ്രകാശ്.പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,കല ദേവൻ കൊടുങ്ങല്ലൂർ,മേക്കപ്പ് റഹീം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംനിസ്സാർ റഹ്മത്ത്,സ്റ്റിൽസ് സാസ് ഹംസ,പോസ്റ്റർ ഡിസൈൻസ്പെൽ സൗണ്ട് സ്റ്റുഡിയോ.മലപ്പുറത്ത് നവംബർ 28മുതൽ ചിത്രീകരണം ആരംഭിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.

# മൃദുലയുടെ കയ്യൊപ്പ് ഫസ്റ്റ് ലുക്ക് പോസ്റ്റർ

പുതുമുഖങ്ങളായ നിഷാൻ,രാകേഷ് കാർത്തികേയൻ പവിത്ര വികാസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഹാരിസ് കെ ഇസ്മയിൽ രചനയും സംവിധാനവും നിർവഹിക്കുന്ന മൃദുലയുടെ കയ്യൊപ്പ് എന്ന് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റീലീസായി.

ദാസ് ക്രിയേഷൻസിന്റെ ബാനറിൽ കൃഷ്ണദാസ് ഗുരുവായൂർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ നൗഷാദ് കൊടുങ്ങല്ലൂർ,കൃഷ്ണദാസ് ഗുരുവായൂർ,വഞ്ചിയൂർ പ്രവീൺ കുമാർ മുരളി മോഹൻ,ചന്ദ്രകുമാർ( എസ് ഐ ) അംബിദാസ്, അനിൽകുമാർ ( ഡെപ്യൂട്ടി ക




ളക്ടർ) സിജോ സജാദ്,മുഹ്സിൻ വാപ്പു,, മനു കുമ്പാരി,ഷാനിഫ് അയിരൂർ,സുനിത, എസ് ആർ ഖാൻ,മുരളി രാമൻ ഗുരുവായൂർ, സുനിൽ മാടക്കട,നിത കോഴിക്കോട്, ജയ കോട്ടയം,രത്ന ഗുരുവായൂർ, ജസ്റ്റിൻ തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ലിപിൻ നാരായണൻ ഛായാഗ്രഹണം നിർവഹിക്കുന്നു.

ഗീതാഞ്ജലിയും ഹാരിസ് കെ ഇസ്മയിലും ചേർന്ന് എഴുതിയ വരികൾക്ക് ഹാരിസ് കെ ഇസ്മയിൽ സംഗീതം പകരുന്നു.കണ്ണൂർ ഷരീഫ്, ഹാരിസ് കെ ഇസ്മയിൽ എന്നിവരാണ് ഗായകർ.എഡിറ്റർബിനു തങ്കച്ചൻ.പ്രൊഡക്ഷൻ കൺട്രോളർമുരളി രാമൻ ഗുരുവായൂർ,പ്രൊജക്റ്റ് ഡിസൈനർ എക്സിക്യൂട്ടീവ്നൗഷാദ് കൊടുങ്ങല്ലൂർ,മേക്കപ്പ്അബ്ദു ഗൂഡല്ലൂർ,സൗമ്യ അരുൺ, കോസ്റ്റ്യൂംസ് റോസിയ, സ്റ്റിൽസ്ബൈജു ഗുരുവായൂർ,കൊറിയോഗ്രാഫി കിരൺ സാക്കി, ആർട്ട്: സുനിൽ മാടക്കട അസോസിയേറ്റ് ഡയറക്ടർസുധീഷ് വി ടി ,ശ്രീനാഥ് വി മായാസ്,അസിസ്റ്റന്റ് ഡയറക്ടർ സോഫിയ തരകൻ, ശ്യാം ശ്രീ, നിയാസ്, റാഷി, ഷഫീക്,അസോസിയേറ്റ് ക്യാമറമാൻവിനിൽ,അഖിലേഷ് ചന്ദ്രൻ. പ്രണയത്തിനും നർമ്മത്തിനും പ്രാധാന്യം നല്കി ഒരുക്കുന്ന ഒരു കോമഡി, ഹോറർ, ഇൻവെസ്റ്റിഗേഷൻ, സൈക്കോ ത്രില്ലർ ചിത്രമാണ് മൃദുലയുടെ കയ്യൊപ്പ് .പി ആർ ഒ എ എസ് ദിനേശ്


# ലിയോ ട്രയ്ലർ ഒക്ടോബർ 5ന് പ്രേക്ഷകരിലേക്ക്

ദളപതി വിജയുടെ ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ലിയോ. ലിയോ ദാസ് ആയി ദളപതി വിജയ് എത്തുന്ന ചിത്രത്തിൽ സംഗീതം ഒരുക്കുന്നത് അനിരുദ്ധ് രവിചന്ദർ ആണ്. റിലീസ് ചെയ്ത രണ്ടു ലിറിക് വിഡിയോയും പ്രേക്ഷകരിൽ തരംഗമായി മാറിക്കഴിഞ്ഞ ശേഷം അണിയറപ്രവർത്തകരുടെ സർപ്രൈസ് അപ്ഡേറ്റ് ഇന്നായിരുന്നു. ആരാധകർ കാത്തിരിക്കുന്ന ചിത്രത്തിന്റെ ട്രയ്ലർ ഒക്ടോബർ 5ന് പ്രേക്ഷകരിലേക്കെത്തും.

ഔട്ട് ആൻഡ് ഔട്ട് ഗ്യാങ്സ്റ്റർ ആക്ഷൻ ത്രില്ലർ ചിത്രം ലിയോ ഒക്ടോബർ 19 നു ലോകവ്യാപകമായി തിയേറ്ററിലേക്കെത്തും. സെവൻ സ്ക്രീൻ സ്റ്റുഡിയോ, ദി റൂട്ട് എന്നിവയുടെ ബാനറുകളിൽ ലളിത് കുമാറും ജഗദീഷ് പളനി




സാമിയും ചേർന്നാണ് ലിയോ നിർമിക്കുന്നത്.ശ്രീ ഗോകുലം മൂവിസിന് വേണ്ടി ഗോകുലം ഗോപാലൻ ആണ് കേരളത്തിലെ വിതരണാവകാശം സ്വന്തമാക്കിയത്. ഡ്രീം ബിഗ് ഫിലിംസാണ് കേരളത്തിലെ ഡിസ്ട്രിബ്യൂഷൻ പാർട്ണർ. ദളപതി വിജയോടൊപ്പം വമ്പൻ താര നിരയാണ് ലിയോയിൽ ഉള്ളത് .തൃഷ, സഞ്ജയ് ദത്ത്, അർജുൻ സർജ, ഗൗതം മേനോൻ, മിഷ്കിൻ, മാത്യു തോമസ്, മൻസൂർ അലി ഖാൻ, പ്രിയ ആനന്ദ്, സാൻഡി, ജനനി, അഭിരാമി വെങ്കിടാചലം, ബാബു ആന്റണി തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ അണിനിരക്കുന്നത്.ചിത്രത്തിനായി അനിരുദ്ധ് സംഗീതം ഒരുക്കുന്നു.ഡി.ഒ.പി : മനോജ് പരമഹംസ, ആക്ഷൻ : അൻപറിവ് , എഡിറ്റിങ് : ഫിലോമിൻ രാജ്, പി ആർ ഓ: പ്രതീഷ് ശേഖർ.




# ടൂ മെൻ ആർമി പ്രദർശനത്തിന്

സുദിനം, പടനായകൻ, ബ്രിട്ടീഷ് മാർക്കറ്റ്, ത്രീ മെൻ ആർമി, ബുള്ളറ്റ്, അപരന്മാർ നഗരത്തിൽ തുടങ്ങിയ ചിത്രങ്ങളിലൂടെ ഏറേ ശ്രദ്ധേയനായ നിസ്സാർ സംവിധാനം ചെയ്യുന്ന ഇരുപത്തിയേഴാമത്തെ സിനിമയായ ടൂ മെൻ ആർമി പ്രദർശനത്തിനൊരുങ്ങുന്നു.എസ്.കെ. കമ്മ്യൂണിക്കേഷന്റെ ബാനറിൽ കാസിം കണ്ടോത്ത് നിർമ്മിക്കുന്ന ടൂ മെൻ ആർമി എന്ന ചിത്രത്തിന്റെ തിരക്കഥ സംഭാഷണം പ്രസാദ് ഭാസ്കരൻ എഴുതുന്നു.

ആവശ്യത്തിലധികം പണം കെട്ടിപ്പൂട്ടി വെച്ച് ഒറ്റയ്ക്ക് ജീവിക്കുന്ന ഒരാൾ.ആ പണത്തിൽ കണ്ണുവച്ചെത്തുന്ന മറ്റൊരാൾ ...ഈ രണ്ട് കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങളാണ് ടൂ മെൻ ആർമിയിൽ നിസാർ ദൃശ്യവൽക്കരിക്കുന്നത്.ഇന്ദ്രൻസ്, ഷാഹിൻ സിദ്ദിഖ് എന്നിവരാണ് ഈ രണ്ടു കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.കൈലാഷ്,സുബ്രഹ്മണ്യൻ ബോൾഗാട്ടി,തിരുമല രാമചന്ദ്രൻ,അജു. വി.എസ്,സുജൻ കുമാർ,ജയ്സൺ മാർബേസിൽ,സതീഷ് നടേശൻ,സ്നിഗ്ധ,ഡിനി ഡാനിയേൽ,അനു ജോജി,രമ മോഹൻദാസ് തുടങ്ങിയവരാണ് മറ്റു നടീനടന്മാർ.തികച്ചും വ്യത്യസ്തമായ പ്രമേയത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം കനകരാജ് നിർവ്വഹിക്കുന്നു.ആന്റണി പോൾ എഴുതിയ വരികൾക്ക് അജയ് ജോസഫ് സംഗീതം പകരുന്നു.പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ,ഷിയാസ് മണോലിൽ, എഡിറ്റിംഗ്ടിജോ തങ്കച്ചൻ,കലാസംവിധാനം വത്സൻ, മേക്കപ്പ്റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരം സുകേഷ് താനൂർ,സ്റ്റിൽസ് അനിൽ പേരാമ്പ്ര,അസ്സോസിയേറ്റ് ഡയറക്ടർറസൽ നിയാസ്,സംവിധാന സഹായികൾകരുൺ ഹരി, പ്രസാദ് കേയത്ത്പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് എൻ.കെ.ദേവരാജ്,പി ആർ ഒഎ എസ് ദിനേശ്.

# 2025 നവംബറിൽ കേരളത്തെ അതിദാരിദ്ര്യ മുക്ത സംസ്ഥാനമാക്കും: മുഖ്യമന്ത്രി

**കൊച്ചി:** പൂർണ്ണമായും അതിദാരിദ്ര്യം ഇല്ലാതാക്കിയ സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2025 നവംബർ ഒന്നിന് ഈ ലക്ഷ്യം കൈവരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എറണാകുളം ബോൾഗാട്ടി പാലസ് കൺവൻഷൻ സെന്ററിൽ എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളുടെ മേഖലാതല അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്ത് ഇതിനകം പ്രഖ്യാപിച്ച പദ്ധതികളിൽ വലിയ നേട്ടമുണ്ടാക്കാനാകുമെന്നാണ് അവലോകനയോഗത്തിനു ശേഷം വ്യക്തമാകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മാലിന്യനീക്കത്തിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഈ നേട്ടം കൂടുതൽ മെച്ചപ്പെടുത്താനാണ് മാലിന്യമുക്ത നവകേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സഞ്ചാരികൾക്ക് നല്ല രീതിയിൽ കേരളം കണ്ട് മടങ്ങുന്നതിനുള്ള അവസരം സൃഷ്ടിക്കണം. സമയബന്ധിതമായി ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കണം.

വിദ്യാഭ്യാസം, ആരോഗ്യം, ഹരിത കേരളം മിഷൻ എന്നിവയിലും മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് മനസോടിത്തിരി മണ്ണ് ക്യാംപയ്ൻ കൂടുതൽ സജീവമാക്കണം. ജനങ്ങൾ സ്വമനസാലേ തരുന്ന മണ്ണ് ആണ് ഇപ്പോൾ ലഭിക്കുന്നത്. ഇതിന് കൂടുതൽ പേരെ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണം. തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാകണം ഇതു നിർവഹിക്കേണ്ടത്. ഇതുവഴി കുറച്ചുകൂടി ഭൂമി ലഭ്യമാക്കണം. ഭൂമി ഇല്ലാത്തതുകൊണ്ട് വീട് നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ലഭിക്കുന്ന ഭൂമിയിൽ വീടുകൾ നിർമ്മിച്ച് നൽകണം.

പൈപ്പ് വെള്ളം എല്ലാ വീടുകളിലുമെത്തിക്കുന്ന ജലജീവൻ മിഷനിലൂടെ വലിയ മാറ്റമാണ് നാട്ടിലുണ്ടാകാൻ പോകുന്നത്. ഇത് വേഗത്തിൽ പൂർണതയിലെത്തിക്കാൻ നടപടി സ്വീകരിക്കണം. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവർത്തനങ്ങളും അതിവേഗം പുരോഗമിക്കുന്നു.

യോഗത്തിൽ ചർച്ച ചെയ്ത പദ്ധതികൾക്ക് പുറമേ സർക്കാർ നടപ്പാക്കുന്ന മറ്റു പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കണം. പുതിയ ഭരണ സംസ്കാരം ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഭരണരംഗവുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളിലെത്തുന്ന പൊതുജനങ്ങൾക്ക് നല്ല സംതൃപ്തി ലഭിക്കുന്ന സാഹചര്യമുണ്ടാകണം. ഇത് കൂടി ഉൾപ്പെട്ടതാണ് നവകേരളം. ജില്ലകളിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ഇതിനാവശ്യമായ ഇടപെടൽ എല്ലാവരുടെയും ഭാഗത്തു നിന്നുണ്ടാകണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മന്ത്രിമാരായ കെ.രാജൻ, കെ.കൃഷ്ണൻകുട്ടി, അഹമ്മദ് ദേവർകോവിൽ, എ.കെ ശശീന്ദ്രൻ, റോഷി അഗസ്റ്റിൻ, ആന്റണി രാജു, ജെ. ചിഞ്ചു റാണി, ആർ. ബിന്ദു, പി.പ്രസാദ്, പി.രാജീവ്, കെ. രാധാകൃഷ്ണൻ, സജി ചെറിയാൻ, വി.ശിവൻകുട്ടി, വി.എൻ വാസവൻ, പി.എ മുഹമ്മദ് റിയാസ്, വീണാ ജോർജ്, കെ.എൻ ബാലഗോപാൽ, എം.ബി രാജേഷ്, ജി.ആർ. അനിൽ, വി. അബ്ദുറഹിമാൻ, ചീഫ് സെക്രട്ടറി ഡോ. വി.വേണു, ഡിജിപി ഷെയ്ക്ക് ദർവേഷ് സാഹിബ്, അഡിഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, പ്രിൻസിപ്പൽ ഡയറക്ടർമാർ, സെക്രട്ടറിമാർ, നാലു ജില്ലകളിലെ ജില്ലാ കളക്ടർമാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി കളക്ടർമാർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# വിദ്യാഭ്യാസ രംഗത്ത് ലോകോത്തര നിലവാരം ഉറപ്പു വരുത്തും: മന്ത്രി ബിന്ദു

**കൊച്ചി:** കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ലോകോത്തര നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു. ആലുവ സെന്റ്. സേവ്യേഴ്സ് കോളേജിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടത്തിന്റെയും നവീകരണപ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.



സർവകലാശാലകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചയ്ക്ക് നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്.

വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ കോളേജുകളിലെ പഠന രീതിയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകും. വിദ്യാർത്ഥികളുടെ സർഗവാസനകളെ കൂടുതൽ മെച്ചപ്പെടുത്തും വിധം വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യഭ്യാസ നയമാണ് സ്വീകരിക്കുക. സാങ്കേതിക വിദ്യയുടെ വളർച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തണം.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് 2013ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് റൂസ. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. 60:40 എന്നതാണ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം.

രണ്ട് കോടി രൂപയാണ് പദ്ധതിയുടെ ഭാഗമായി കോളേജിന് ലഭിച്ചത്. ഒരു കോടി രൂപ മൂന്ന് ക്ലാസ് മുറികളും കോൺഫറൻസ് ഹാളും ഉൾപ്പെടെ എട്ടു മുറികളും ശുചി മുറികളുമുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിച്ചു. ശേഷിക്കുന്ന തുക കോളേജിലെ നിലവിലെ കെട്ടിട്ടങ്ങളുടെ നവീകരണവും സോളാർ പാനൽ സ്ഥാപിക്കുന്നതിനും ഉപയോഗിക്കും.

ചടങ്ങിൽ അൻവർ സാദത്ത് എം എൽ എ അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി മുഖ്യാതിഥിയായി.

ആലുവ മുൻസിപ്പൽ ചെയർമാർ എം ഒ ജോൺ, കൗൺസിലർ കെ ജയകുമാർ, സംസ്ഥാന നിർമ്മിതി കേന്ദ്ര എൻജിനീയർ ഡോ.റോബർട്ട് വി തോമസ്, മാനേജർ സിസ്റ്റർ ചാൾസ്, പ്രിൻസിപ്പൽ പ്രൊഫ.ഡോ.മിലൻ ഫ്രാൻസ്, ജയിംസ് സെബാസ്റ്റ്യൻ, സിസ്റ്റർ കെ എ സ്റ്റെല്ല, തുടങ്ങിയവർ പങ്കെടുത്തു.



## പാഥേയം പദ്ധതിക്ക് തുടക്കമായി

**കൊല്ലം:** വിശപ്പുരഹിത സമൂഹമെന്ന സർക്കാരിന്റെ ലക്ഷ്യത്തിന് പിന്നിൽ അണിനിരക്കുകയാണ് ചെറിയവെളിനല്ലൂർ സർക്കാർ എൽ പി സ്കൂളിലെ വിദ്യാർഥികൾ. പാഥേയം പദ്ധതിക്ക് തുടക്കമിട്ടാണ് കൊച്ചുകൂട്ടുകാർ സമൂഹത്തിന് മാതൃകയാകുന്നത്. വിദ്യാർഥികൾ കൊണ്ടുവരുന്ന പൊതിച്ചോർ റോഡുവിള വെയിറ്റിങ് ഷെഡ്ഡിൽ സ്ഥാപിച്ചിരിക്കുന്ന പാഥേയം പെട്ടിയിൽ ക്രമീകരിക്കും. ആവശ്യക്കാർക്ക് ഭക്ഷണം സ്വന്തമാക്കാനുള്ള അവസരമാണ് ഇതുവഴി ലഭ്യമാക്കുന്നത്. എല്ലാ പ്രവർത്തിദിവസവും പൊതിച്ചോർ ഉറപ്പാക്കുംവിധമാണ് സംവിധാനം പ്രവർത്തിക്കുക.

ഉദ്ഘാടനം വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം അൻസർ നിർവഹിച്ചു. സ്കൂൾ എച്ച് എം യാസ്മിൻ ഷമിനോവ്, ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ ബി ബിജു, പി ടി എ പ്രസിഡന്റ് ഷാൻ പാലക്കോണം, എസ് എം സി ചെയർമാൻ എസ് നാസർ, സ്റ്റാഫ് സെക്രട്ടറി സുധീർ, അബ്ബാസ്, രക്ഷകർത്താക്കൾ, വിദ്യാർഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ആരോഗ്യമേഖലയിലെ കുതിപ്പ് തുടരണമെന്ന് മേഖലാതല അവലോകനയോഗം

**കൊച്ചി:** പൊതുജനാരോഗ്യ മേഖലയിൽ എറണാകുളം ജില്ല കൈവരിച്ചിരിക്കുന്ന മുന്നേറ്റം ശക്തമായി തുടരണമെന്ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന എറണാകുളം മേഖലാ തല അവലോകന യോഗം. ജനസൗഹൃദ സമീപനത്തോടെയാണ് പൊതുജനാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സർ!ക്കാർ ആശുപത്രികളെ മുമ്പെന്നത്തേക്കാളും കൂടുതലായി ജനങ്ങൾ ആശ്രയിക്കുന്ന സ്ഥിതിയുണ്ട്.

ജില്ലാ മെഡിക്കൽ ഓഫീസർ, ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ, പ്രോഗ്രാം ഓഫീസർമാർ, ആർദ്രം നോഡൽ ഓഫീസർ എന്നിവർ അംഗങ്ങളായ ആർദ്രം സെൽ ജില്ലാ മെഡിക്കൽ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

വയോജന പരിപാലനത്തിൻറെ ഭാഗമായി പ്രൈമറി സാന്ത്വന പരിചരണവും സെക്കൻഡറി സാന്ത്വന പരിചരണവും ചികിത്സയും നൽകി വരുന്നുണ്ട്. പ്രൈമറി, സെക്കൻഡറി, ക്രിട്ടിക്കൽ കെയർ സാന്ത്വന പരിചരണത്തിനുള്ള പരിശീലനങ്ങളും നടന്നുവരുന്നു. ഇതിനായി 120 പ്രൈമറി യൂണിറ്റുകളും 34 സെക്കൻഡറി യൂണിറ്റുകളും രണ്ട് പരിശീലന കേന്ദ്രങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. പ്രൈമറി യൂണിറ്റുകളിലൂടെ 22557 പേർക്കും സെക്കൻഡറി യൂണിറ്റുകളിലൂടെ 3034 പേർക്കും സേവനങ്ങൾ നൽകിവരുന്നു.

വാർഷിക ആരോഗ്യ പരിശോധന പ്രകാരം 12,59,044 വ്യക്തികളിൽ സർവ്വേ ചെയ്തതിൽ 1,61,541 പേർക്ക് ജീവിതശൈലി രോഗ സാധ്യത കണ്ടെത്തിയിട്ടുണ്ട്. ഇതിൽ സ്ക്രീനിങ് പൂർത്തിയാക്കിയ 81 ശതമാനം വ്യക്തികളിൽ 24 ശതമാനം പേർക്ക് രക്താതിമർദ്ദവും 3 ശതമാനം പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തിയിട്ടുണ്ട്.

ജില്ലയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. ഫീൽഡ് തലം മുതൽ ജില്ലാതലം വരെയുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് മുന്നോട്ടുപോകുന്നത്. ക്യാൻസർ സാധ്യത കണ്ടെത്തിയ 1410 വ്യക്തികളുടെ സ്ക്രീനിങ് ക്യാൻസർ സ്ക്രീനിങ് പോർട്ടൽ വഴി നടത്തി. എല്ലാ പ്രാഥമിക തല ആശുപത്രികളിലും ക്യാൻസർ സ്ക്രീനിംഗ് നടക്കുന്നുണ്ട്. ക്യാൻസർ സാമ്പിളുകൾ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം വഴി താലൂക്ക് ആശുപത്രികളിലേക്കും അവിടെനിന്ന് കൊച്ചിൻ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്കും റീജണൽ പബ്ലിക് ഹെൽത്ത് ലാബിലേക്കും അയക്കുന്നു. ലാബ് നെറ്റ്വർക്ക് സംവിധാനം ജില്ലയിൽ പൂർണമായും നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ പ്രാഥമികതലം മുതലുള്ള ആശുപത്രികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഹബ്ബ് ലാബുകളിൽ എത്തിച്ച് പരിശോധന ഫലം സമയബന്ധിതമായി രോഗികളെ അറിയിച്ചു, വേണ്ട ചികിത്സ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ തിരഞ്ഞെടുത്ത 57 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ആറ് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. ഐസൊലേഷൻ വാർഡ് നിർമ്മാണം സി.എച്ച്. സി വെങ്ങോല, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ പൂർത്തിയായി.



# അമൃതകീർത്തി പുരസ്കാരങ്ങൾ വിതരണം ചെയ്തു

**കൊല്ലം:** മാതാ അമൃതാനന്ദമയി മഠത്തിൻറെ അമൃതകീർത്തി പുരസ്കാരങ്ങൾ വിതരണം ചെയ്തു. കന്നട സാഹിത്യകാരനും പദ്മഭൂഷൺ, പത്മശ്രീ ജേതാവുമായ ഡോ. എസ്.എൽ. ഭൈരപ്പയ്ക്ക് 2020 ലെ അമൃതകീർത്തി ദേശീയ പുരസ്കാരം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സമ്മാനിച്ചു.

2021 ലെ അമൃത കീർത്തി പുരസ്കാരം വേദങ്ങളെ ജനകീയമാക്കിയ വേദപണ്ഡിതനായ ആചാര്യശ്രീ രാജേഷിന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി മുരളീധരൻ നൽകി. 2022 ലെ പുരസ്കാരം വേദപണ്ഡിതനായ പ്രഫ.ശ്രീവരാഹം ചന്ദ്രശേഖരൻ നായർക്ക് കേന്ദ്രമന്ത്രി അശ്വനി കുമാർ ചൗബേ സമ്മിനിച്ചു.

എഴുത്തുകാരനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ.എസ്. രാധാകൃഷ്ണന് 2023 ലെ പുരസ്കാരം കേന്ദ്രമന്ത്രി മഹേന്ദ്രനാഥ പാണ്ഡെ നൽകി.

1,23,456 രൂപയും ആർട്ടിസ്റ്റ് നമ്പൂതിരി രൂപകല്പന ചെയ്ത സരസ്വതീ ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

വൈദിക, ദാർശനിക, സാഹിത്യരംഗത്തെ സമഗ്രസംഭാവനകൾ പരിഗണിച്ചാണ് ജേതാക്കളെ തെരഞ്ഞെടുത്തത്.

കന്നടയിലെ പ്രശസ്ത സാഹിത്യകാരനായ ഡോ. എസ്.എൽ.ഭൈരപ്പ സാഹിത്യലോകത്തിന് നൽകിയ വിലപ്പെട്ട സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം.

സാഹിത്യകാരനും തത്വചിന്തകനുമായ ഡോ. കെ.എസ്.രാധാകൃഷ്ണൻ മഹാരാജാസ് കോളജിലെ മുൻ ഫിലോസഫി അധ്യാപകനും പി.എസ്.സി. മുൻ ചെയർമാനുമാണ്.

തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളജ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല എന്നിവിടങ്ങളിൽ അധ്യാപകനായിരുന്ന ശ്രീവരാഹം ചന്ദ്രശേഖരൻ നായർ ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

വേദങ്ങളെ ജനകീയമാക്കിയ വേദപണ്ഡിതനായ ആചാര്യ രാജേഷ് വൈദികവിഷയത്തിൽ 105 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 2001 മുതൽ ആധ്യാത്മിക, വൈജ്ഞാനിക, ശാസ്ത്ര രംഗങ്ങളിലെ പ്രഗത്ഭർക്ക് അമൃതകീർത്തി പുരസ്കാരം നൽകിവരുന്നു.

# രണ്ടാം കുട്ടനാട് പാക്കേജ് അടിയന്തരമായി നടപ്പിലാക്കണം



**മങ്കൊമ്പ്:** പുഞ്ചകൃഷിക്കുള്ള ഒരുക്കങ്ങൾക്കിടെ മടവീഴ്ചയുണ്ടായ ചമ്പക്കുളം കൃഷിഭവൻ പരിധിയിലെ പെരുമാനിക്കരി വടക്കേ തൊള്ളായിരം പാടശേഖരത്തിൽ നെൽകർഷക സംരക്ഷണ സമിതി ഭാരവാഹികൾ സന്ദർശനം നടത്തി.

നിരന്തരമായി മടവീഴ്ചയുണ്ടാകുന്ന പാടശേഖരത്തിൻറെ ഒന്നാംകര മുതൽ പുന്നക്കുന്നത്തുശേരി കലുങ്ക് വരെയുള്ള പുറംബണ്ട് രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുനർനിർമിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. മൂന്നു മീറ്റർ വീതിയിൽ ട്രാക്ടർ റോഡും റോഡിൻറെ ഇരുവശവും പയൽ ആൻഡ് സ്ലാബും കല്ലും കെട്ടി സംരക്ഷിച്ചു പാടശേഖരത്തിൻറെ അപുറംബണ്ടു സംരക്ഷിക്കണം. അപകടാവസ്ഥയിൽ നിൽക്കുന്ന മോട്ടോർ തറയുടെ ഷെഡും പുതുക്കി പണിയണം. മുൻവർഷങ്ങളിൽ വീണ മട കുത്തിയതിൻറെ തുക അടിയന്തരമായി അനുവദിക്കണം. ഇപ്പോൾ മട കുത്തുന്നതിൻറെ ചെലവ് പൂർണമായി ജില്ലാ കളക്ടറുടെ ദുരന്തനിവാരണ അഥോറിറ്റി ഫണ്ടിൽ നിന്ന് ഉടൻ അഡ്വാൻസായി ലഭ്യമാക്കണമെന്നും നെൽകർഷക സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

പി.ആർ. സതീശൻ, ലാലിച്ചൻ പള്ളിവാതുക്കൾ, ഷാജി മുടന്താഞ്ഞിലി, കെ.ബി. മോഹനൻ, ഷാജി പണിക്കരുപറമ്പിൽ കോഓർഡിനേറ്റർ ജോസ് കാവനാട്, ട്രഷറർ ജോൺ സി. ടിറ്റോ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സംഘമാണ് സ്ഥലം സന്ദർശിച്ചത്.

# ട്രഷറി നിയന്ത്രണം: സംസ്ഥാനത്ത് നിർമാണമേഖല സ്തംഭനത്തിലേക്ക്

**കോട്ടയം:** സംസ്ഥാനത്ത് രണ്ടു മാസമായി തുടരുന്ന ട്രഷറി നിയന്ത്രണംമൂലം കരാറുകാരുടെ ബില്ലുകൾ പാസാകുന്നില്ലെന്നും പൊതുമരാമത്ത് വകുപ്പിൻറെയും കേന്ദ്രസംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ചുള്ള ജോലികളുടെയും ത്രിതല പഞ്ചായത്ത് ജോലികളുടെയും ബില്ലുകൾ മാറിക്കിട്ടുന്നില്ലെന്നും കേരള ഗവൺമെൻറ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ( കെജിസിഎ). നിർമാണ പ്രവൃത്തികൾ ഭാഗികമായി നിലച്ചിരിക്കുകയാണ്. മഴമൂലം റോഡുകൾക്കു കേടുപാടുകൾ സംഭവിച്ചത് നന്നാക്കാനുള്ള ടെൻഡറുകളും കരാറുകാർ എടുക്കുന്നില്ല.

ക്വാറിക്രഷർ ഉത്പന്നങ്ങൾക്കു വില നിയന്ത്രണം ഏർപ്പെടുത്തുമെന്നും ജില്ലാ കളക്ടർ വില നിശ്ചയിക്കുമെന്നുമുള്ള സർക്കാർനിർദേശം ഇതുവരെയും നടപ്പാക്കിയിട്ടില്ല. ക്രഷർ ഉടമകൾ ഓരോ ദിവസവും വിലയിൽ മാറ്റങ്ങൾ വരുത്തുകയാണ്. എന്നിട്ടും നിലവാരമില്ലാത്ത ക്രഷർ ഉത്പന്നങ്ങളാണ് ലഭിക്കുന്നത്. ഇതും നിർമാണത്തെ ബാധിച്ചിട്ടുണ്ട്. ഇതിനെതിരെ ആവശ്യമായ പരിശോധന ക്രഷറുകളിൽ നടത്തി സർക്കാർ തലത്തിൽ ഗുണനിലവാരം ഉറപ്പു വരുത്തണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

കേരള ഗവൺമെൻറ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി റെജി ടി. ചാക്കോ, ജില്ലാ പ്രസിഡൻറ് ഷാജി ജോസഫ് ഇലവത്തിൽ, ജില്ലാ സെക്രട്ടറി മനോജ് മാത്യു പാലാത്ര, ട്രഷറർ രാജു മുക്കാടൻ, വൈസ് പ്രസിഡൻറുമാരായ ഷാജൻ ജേക്കബ് ഓവേലിൽ ജോജി ജോസഫ് കോട്ടയം, ഷാജിത്ത് കാഞ്ഞിരപ്പള്ളി, കെ.ഡി. ദേവരാജൻ വൈക്കം എന്നിവർ പ്രസംഗിച്ചു.



# വേമ്പനാട്ടുകായൽ സംരക്ഷണത്തിനായി വിശദമായ പദ്ധതി തയാറാക്കും

**കോട്ടയം:** വേമ്പനാട്ടുകായൽ സംരക്ഷണത്തിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് വിശദമായ പദ്ധതി തയാറാക്കി നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ കോട്ടയം ജില്ലയുടെ ഉൾപ്പെടെയുള്ള മേഖലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വേമ്പനാട് കായലിൽ എക്കലും മാലിന്യങ്ങളും അടിഞ്ഞ് ആഴം കുറഞ്ഞതിനാൽ സമീപ പഞ്ചായത്തുകൾ മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണിയും ദുരിതവും നേരിടുകയാണെന്നും മൂന്നു ജില്ലകളെ ബാധിക്കുന്ന പ്രശ്നമാണെന്നും അടിയന്തര ഇടപെടൽ വേണമെന്നും കോട്ടയം ജില്ലയുടെ ചുമതലയുള്ള മന്ത്രി വി.എൻ. വാസവൻ ചൂണ്ടിക്കാട്ടിയതിനെത്തുടർന്നാണ് മുഖ്യമന്ത്രി നിർദേശം നൽകിയത്. കായലിന്റെ സംഭരണശേഷി കുറഞ്ഞത് മത്സ്യസമ്പത്തിനെയും ജലഗതാഗതത്തെയും കായൽ ടൂറിസത്തെയും ദോഷകരമായി ബാധിക്കുന്നുവെന്നും ആഴം കൂട്ടൽ വേണമെന്നും ജില്ലാ കളക്ടർ വി. വിഗ്നേശ്വരിയും പറഞ്ഞു.

വേമ്പനാട്ടു കായലിൽ ചേരുന്ന പുഴകളിലും ആഴം കൂട്ടലിനും കൈയേറ്റം ഒഴിപ്പിക്കാനും മാലിന്യമുക്തമാക്കാനും നടപടി വേണമെന്നും ചൂണ്ടിക്കാട്ടി. കോട്ടയം മെഡിക്കൽ കോളജിലെയും 15 കിലോമീറ്റർ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സെപ്റ്റേജ് മാലിന്യം സംസ്ക്കരിക്കുന്ന പദ്ധതിക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി സംയുക്തയോഗം വിളിക്കാനും മേഖല യോഗത്തിൽ തീരുമാനമായി. ഏറ്റുമാനൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കണമെന്ന് മന്ത്രി വി.എൻ. വാസവൻ യോഗത്തിൽ പറഞ്ഞു. ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി യോഗം വിലയിരുത്തി.

## കൊച്ചി കാൻസർ സെൻറർ ഈ വർഷം: മന്ത്രി വീണാ ജോർജ്

**കൊച്ചി:** കളമശേരിയിൽ നിർമാണം പൂർത്തിയായി വരുന്ന കൊച്ചി കാൻസർ സെൻറർ ഈ വർഷം തന്നെ നാടിന് സമർപ്പിക്കുമെന്ന് മന്ത്രി വീണാ ജോർജ്. എറണാകുളം ജനറൽ ആശുപത്രി കാൻസർ സ്പെഷാലിറ്റി ബ്ലോക്കിൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും കാൻസർ ഗ്രിഡ് രൂപീകരിച്ചു. ജനറൽ ആശുപത്രിയുടെയും കൊച്ചി കോർപറേഷൻറെയും നേതൃത്വത്തിൽ നടക്കുന്ന തൂവൽ സ്പർശം സ്തനാർബുദ നിർണയ പദ്ധതി മികച്ചതാണ്. മരുന്നുകൾ കഴിക്കാതെ തന്നെ ജീവിതശൈലിയിലെ മാറ്റം കൊണ്ട് ജീവിതശൈലി രോഗങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെയാണ് അടുത്ത ഘട്ടത്തിൽ ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## ടെക്ഫെസ്റ്റിനു തുടക്കം

**പാലക്കാട്:** മേഴ്സി കോളജിലെ കന്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിഭാഗം സംഘടിപ്പിക്കുന്ന ടെക്ഫെസ്റ്റ് 2023 ന് തുടക്കമായി. കുട്ടനെല്ലൂർ സി. അച്യുതമേനോൻ ഗവ. കോളജ് കന്പ്യൂട്ടർ സയൻസ് വിഭാഗം മേധാവിയും, അസിസ്റ്റൻറ് പ്രൊഫസറുമായ കെ. കുമരേശൻ ഉദ്ഘാടനം ചെയ്തു.



# ഇസാഫ് കോഓപറേറ്റീവ് വാർഷിക പൊതുയോഗം

**തൃശൂർ:** ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോഓപറേറ്റീവ് സൊസൈറ്റിയുടെ 12ാമതു വാർഷിക പൊതുയോഗം ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എൻറർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് ഉദ്ഘാടനം ചെയ്തു.

ഇസാഫ് കോഓപറേറ്റീവ് ചെയർപേഴ്സൺ സെലീന ജോർജ് അധ്യക്ഷത വഹിച്ചു. ഇൻറർനാഷണൽ കോഓപറേറ്റീവ് അലയൻസ് പ്രസിഡൻറ് ഏരിയൽ ഗ്വാർക്ക, നാഷണൽ കോഓപറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യയുടെ ഡപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് സാവിത്രി സിംഗ് എന്നിവർ ഓൺലൈനായി പങ്കെടുത്തു.

ഭവനരഹിതരായ 12 കുടുംബങ്ങൾക്കുള്ള വീടിൻറെ താക്കോൽ കൈമാറി. ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ, ഇസാഫ് കോഓപറേറ്റീവ് വൈസ് ചെയർമാൻ ഡോ. ജേക്കബ് സാമുവൽ, സിഇഒ കെ. വി. ക്രിസ്തുദാസ് എന്നിവർ പ്രസംഗിച്ചു.



## ജലക്ഷാമത്തിൽ വിളയിച്ച നെൽച്ചെടികൾ മഴയിൽ വീണു നശിക്കുന്നു

**ചിറ്റൂർ:** കടുത്ത ജലക്ഷാമത്തിൽ വിളയിച്ച നെൽച്ചെടികൾ കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ പെ യ്ത മഴയിൽ വീണത് കർഷകന് വീണ്ടും ദുരിതമായി. മഴയോ കനാൽ വെള്ളമോ ലഭിക്കാതെ കുളം, കൊക്കർണ്ണി ജലത്തിലാണ് നെൽ കൃഷി വിളയിച്ചത്. വയലിൽ വീണുകിടക്കുന്നവ ഇനി യന്ത്ര കൊയ്ത്ത് നടത്തിയാൽ പകുതിയെ ലഭിക്കുകയുള്ളു.

മൂച്ചിക്കുന്നു പാടശേഖര സമിതി പ്രഭാകരൻറെ വയലിലാണ് നെൽച്ചെടികൾ വീണത്. തൊഴിലാളികളെ ഉപയോഗിച്ചു വേണം കൊയ്ത്ത് നടത്താൻ. തൊഴിലാളിക്ക് പ്രതിദിനം 450 രൂപ കൂലി നൽകേണ്ടതായിട്ടുമുണ്ട്. കൊയ്ത്തിന് 15 തൊഴിലാളികളെ ഉപയോഗിക്കേണ്ടി വരും. ഫലത്തിൽ നെല്ല് വിറ്റാൽ കൃഷിക്ക് ഇറക്കിയ ചിലവു പോലും ലഭിക്കില്ലെന്ന ആവലാതിയിലാണ് കർഷകൻ.



# കേരരക്ഷാ പദ്ധതി തെങ്ങ് സംരക്ഷണവുമായി കൃഷി വകുപ്പ്

**കൽപ്പറ്റ:** കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ കേരരക്ഷാവാരം പദ്ധതി ജില്ലയിൽ തുടങ്ങി. പദ്ധതിയിലൂടെ 36,100 തെങ്ങുകളുടെ തടത്തിൽ പച്ചിലവള/പയർ വിത്ത് നൽകി ജൈവവള ലഭ്യത ഉറപ്പുവരുത്തും.

തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ തെങ്ങിൻറെ മുകൾഭാഗം വൃത്തിയാക്കി സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തും. കേര രക്ഷാ പദ്ധതികൾക്കായി ജില്ലയ്ക്ക് 15,71,125 രൂപയാണ് വകയിരുത്തിയത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ മേപ്പാടി, മൂപ്പൈനാട്, കൽപ്പറ്റ, തരിയോട്, നെൻമേനി, എടവക, വെള്ളമുണ്ട, മുള്ളൻകൊല്ലി, അമ്പലവയൽ, പനമരം, തൊണ്ടർനാട് പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത വാർഡുകളിലാണ് പദ്ധതി നടപ്പാക്കുക.

തെങ്ങിൻറെ കൃത്യമായ പരിപാലന മുറകളുടെ അഭാവവും ചെന്പൻചെല്ലി, കൊന്പൻചെല്ലി, കൂന്പുചീയൽ തുടങ്ങിയ കീടരോഗാക്രമണവും നാളികേരത്തിൻറെ ഉത്പാദനക്ഷമതയെ സാരമായി ബാധിച്ചിരുന്നു.

കൂന്പുചീയൽ രോഗപ്രതിരോധത്തിന് അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന ട്രൈക്കോ കേക്കും ചെമ്പൻ ചെല്ലി, കൊമ്പൻചെല്ലി, ആക്രമണം തടയാൻ കാർട്ടാപ് ഹൈഡ്രോ ക്ലോറൈഡും ഓലകവിളുകളിൽ നിക്ഷേപിക്കും.

ജില്ലയിലെ അഗ്രോ സർവീസ് സെൻറർ, കർഷിക കർമ്മ സേന, കേര സമിതികൾ എന്നിവ വഴിയാണ് സസ്യസംരക്ഷണ പ്രവൃത്തികൾ നടത്തുന്നത്.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663